**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.**
**2619** **17.06.2019-ൽ മറുപടിയ്ക്ക്**

## നവോത്ഥാന സാംസ്കാരിക സമുച്ചയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. മുകേഷ് | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| എ) നവോത്ഥാന സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ? | എ) കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ എസ്. പി. വി. ആയിട്ടുള്ളതും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി നിർമ്മിക്കുന്നതുമായ സാംസ്കാരിക സമുച്ചയങ്ങളിൽ പാലക്കാട്, കാസർഗോഡ്, കൊല്ലം എന്നീ ജില്ലകൾക്കുള്ള ഇ-ടെണ്ടറുകൾ ക്ഷണിച്ചതിൽ പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകൾക്ക് മാത്രമാണ് ഒരു ടെണ്ടർ വീതമെങ്കിലും ലഭിച്ചത്. തുടർന്ന് മേൽപരാമർശിച്ച ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി നിയമിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ടി പദ്ധതിയുടെ എസ്. പി. വി പ്രസ്തുത മൂന്ന് ജില്ലകൾക്കുമായി റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത റീ-ഇ-ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തീയതി 10.06.2019-ന് ആയിരുന്നു. ടി പദ്ധതിയുടെ ടെക്നിക്കൽ കമ്മിറ്റി 14.06.2019-ന് പ്രസ്തുത ഇ-ടെണ്ടറുകൾ തുറന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ